## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 933 | 11.06.2014 ൽ മറുപടിയ്ക്ക്

### നാദാപുരം, മരുതോങ്കര ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർക്കായി സ്കൂൾകെട്ടിടനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർക്കായി ഹോസ്റ്റൽ ഉൾപ്പെടെ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ആയതിന്റെ സർവ്വെ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ ; | (എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ, മരുതോങ്കര വില്ലേജിൽ റീ. സർവ്വെ നം. 330/2, 331/1, 331/3 – ൽ പ്പെട്ട 10 ഏക്കർ ഭൂമി കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നിന്ന് കൈമാറിക്കിട്ടിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് എം.ആർ.എസ്. സ്ഥാപിക്കുന്നതിനായി 20/01/2014 ലെ സ.ഉ. (സാധാ) നം. 98/2014/പജപവവിവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെല്ലാം ഫയലുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ; | (ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യം 2266/ബി1/2014/പജപവവിവ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |
| (സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (സി) വിശദമായ പ്ലാൻ എസ്റ്റിമേറ്റ് എന്നിവ ലഭ്യമായിട്ടില്ല. കെട്ടിട നിർമ്മാണത്തിനായി പി.ഡബ്ല്യൂ.ഡി. റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. വിശദമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിലേക്കുള്ള മണ്ണ് പരിശോധനയ്ക്കായി 21/02/2014 ലെ സ.ഉ(സാധാ) നം. 356/14/പജപവവിവ പ്രകാരം 3 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ? | (ഡി) സ്കൂൾ ബിൽഡിംഗ്, ഹോസ്റ്റൽ ബിൽഡിംഗ്, ലൈബ്രറി റൂം, കളിസ്ഥലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |

Sd/- KJ

സെക്ഷൻ ഓഫീസർ